ഉത്തരം

(എ&ബി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുഴുവൻ പട്ടികവർഗ്ഗ വിഭാഗക്കാർക്കും സൗജന്യ ചികിത്സയാണ് സർക്കാർ ആശുപത്രികളിൽ ലഭിച്ചുവരുന്നത്.

(സി) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകളും ഇതുമായി ബന്ധപ്പെട്ട ആശുപത്രികളും, കണ്ണൂർ ജില്ലയിലെ പരിയാരം സഹകരണ മെഡിക്കൽ കോളേജ്, തിരുവനന്തപുരം ജില്ലയിലെ ശ്രീ ചിത്തിരതിരുനാൾ മെഡിക്കൽ സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം കണ്ണാശുപത്രി എന്നീ സ്ഥാപനങ്ങൾ വഴി ഈ പദ്ധതി നടപ്പാക്കുന്നു. കൂടാതെ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും മുകളിൽ പരാമർശിക്കുന്ന സ്ഥാപനങ്ങളുടെ സൂപ്രണ്ടുമാർക്കും പട്ടികവർഗ്ഗ വികസന വകപ്പ് ഡയറക്ടർ മുഖാന്തിരം തുക അനുവദിക്കുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ അവരുടെ അധീനതയിലുള്ള ജില്ലാ താലൂക്ക് ആശുപത്രികൾക്കും പട്ടികവർഗ്ഗക്കാർ ചികിത്സ തേടിയെത്തുന്നതിന്റെ കണക്കനുസരിച്ച് പ്രൈമറി ഹെൽത്ത് സെന്ററുകൾക്കും ആവശ്യാനുസരണം തുക അനുവദിക്കുന്നുണ്ട്.

ബഡ്ജറ്റിൽ വകയിരുത്തിയ തുക

278 (624) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗക്കാരുടെ ശാക്തീകരണത്തിനും കാര്യപ്രാപ്തി മെച്ചപ്പെടുത്തുന്നതിനുമായി കഴിഞ്ഞ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണമായും ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഇതിലേക്കായി വകയിരുത്തിയ തുക വക മാറ്റുകയുണ്ടായോ ; എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഇതിലേക്കായി എത്ര തുക ബഡ്ജറ്റിൽ വകയിരുത്തി എന്നും എത്ര തുക ചെലവഴിച്ചുവെന്നും എത്ര തുക വകമാറ്റി ചെലവഴിച്ചുവെന്നും അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ ശാക്തീകരണത്തിനും കാര്യപ്രാപ്തി മെച്ചപ്പെടുത്തുന്നതിനുമായി 2014-15 സാമ്പത്തിക വർഷം 521.21 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് പദ്ധതികൾ നടപ്പിലാക്കുന്നതിനായി 464.24 കോടി രൂപയും പൊതുമരാമത്ത് വകുപ്പിന് 48.5 കോടി രൂപയും ഗ്രാമവികസന വകുപ്പിന് 9 കോടി രൂപയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ചു. ഇതിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയ 464.24 കോടി രൂപയിൽ 409.22 കോടി രൂപ (88.15 %) ചെലവഴിക്കുകയും ടി സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാൻ സാധിക്കാതിരുന്ന 14.13 കോടി രൂപ ഇലക്ട്രോണിക് ലെഡ്ജറിലേക്ക് മാറ്റുകയും ചെയ്തു. ഇത്തരത്തിൽ 2014-15 സാമ്പത്തിക വർഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി അനുവദിച്ച തുക വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം പട്ടികവർഗ്ഗ ക്ഷേമത്തിനായി അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് അനുവദിച്ച തുക 464.24 കോടി രൂപ, ചെലവഴിച്ചത് 409.22 കോടി രൂപ.

ജനനീ ജന്മരക്ഷാ പദ്ധതി

279 (626) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനനീ ജന്മരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ ;

(സി) പട്ടികവർഗ്ഗക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരത്തിന് എന്തെല്ലാം ധനസഹായങ്ങൾ നൽകാനാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ ;